കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ/കെഎൻ.ആർ/സി.11/2148/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
E-mail : lfaddistofficeknr@gmail.com
Phone: 0497 2707698
തീയ്യതിഃ 20.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ, 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1,2-4, 3-3, 3-4, 3-7, 3-8 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ. (ഉപരിപത്രംസഹിതം)
3)കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/2148/2016 തീയതി: 20.12.2016

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ

# വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മാത്തിൽ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.16മുതൽ 30-11-16വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ. കെ. കെ. ശ്രീഭാനു | ഓഡിറ്റ് ഓഫീസർ |
| ശ്രീ .വിനീത് കുമാർ കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ആൽബർട്ട് ജോസ് | സീ.ഗ്രേ.ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി പ്രസന്ന | 01/04/2015 മുതൽ 31/10/2015 വരെ |
| | ഭരണ നിർവ്വണ കമ്മിറ്റി | 01/11/2015 മുതൽ 30/11/2015 വരെ |
| സെക്രട്ടറി | ശ്രീ.കെ.രാജേന്ദ്രൻ | |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.യു.പ്രസന്നൻ | |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ശോഭന.എ.വി | |
| പ്രസിഡന്റ് | ശ്രീ.ബാബുജോസഫ് | 01/12/2015 മുതൽ 31/03/2016 വരെ |
| സെക്രട്ടറി | ശ്രീ.കെ രാജേന്ദ്രൻ | 01/04/2015 മുതൽ 31/03/2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.യു പ്രസന്നൻ | 01.04.2015 മുതൽ 31.03.16വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രകാശ്ബാബു | 01.04.2015 മുതൽ 31.03.16വരെ |
| 3 | വി ഇ ഒ | ശ്രീമതി.തസ്നീം ടി പി | 01.04.2015 മുതൽ 31.03.16വരെ |
| 4 | ഹെഡ് മാസ്റ്റർ | ശ്രീ.പി വി ദിവാകരൻ | 01.04.2015 മുതൽ 31.03.16വരെ |
| 5 | ഐ സി ഡി എസ് സൂപ്പർ വൈസർ | ശ്രീമതി.ശോഭന എ വി | 01.04.2015 മുതൽ 31.03.16വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | ശ്രീ.ഗ്രിഫിൻ സുരേന്ദ്രൻ | 01.04.2015 മുതൽ 31.03.16വരെ |
| 7 | വെറ്ററിനറി സർജ്ജൻ | ശ്രീ.എസ് സാരഥി | 01.04.2015 മുതൽ 31.03.16 വരെ |
| 8 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.മനോജ് ഇ പി | 01.04.2015 മുതൽ 31.03.16 വരെ |
| 9 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.നമിത ടി വി | 01.04.2015 മുതൽ 31.03.16 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി കെ വിനോദ് | 01.04.2015 മുതൽ 31.03.16 വരെ |

## ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല | 1-11 |
| ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | സ്ഥാപന തൊഴിൽ നികുതീയീടാക്കിയില്ല | 2-1 |
| 13 | ഡി ആന്റ് ഒ ലൈസൻസ് സമയപരിധിക്കുള്ളിൽ അപേക്ഷകൾ ലഭിക്കുന്നില്ല. | 2-2 |
| 14 | തൊഴിൽ നികുതി - രണ്ടാം അർദ്ധവർഷം ഡിമാന്റ് ചെയ്തില്ല | 2-3 |
| 15 | സേവന നികുതി ഈടാക്കുന്നില്ല. | 2-4 |
| ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | ലോക വികലാംഗ ദിനം – വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 2000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-1 |
| 17 | യാത്ര ബത്ത അപാകതകൾ – ₹ 750അധിക നൽകി രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു | 3-2 |
| 18 | ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ₹432500രൂപ തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 19 | മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 3-4 |
| 20 | കാലിത്തൊഴുത്ത് നിർമ്മാണം – മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-5 |
| 21 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല | 3-6 |
| 22 | മൃഗാശുപത്രി അറ്റകുറ്റപ്പണി – കരാറുകാരന് അധികം തുക നൽകി -1990രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു | 3-7 |
| 23 | ഇ ടെണ്ടർ ടെണ്ടർ ഫോറം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 |
| 24 | ഭവന നിർമ്മാണം – ദീർഘകാലമായിട്ടും പൂർത്തീകരിച്ചിട്ടില്ല | 3-9 |
| ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധ പത്രികകൾ | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | എ-1 |

| | | |
|---|---|---|
| 35 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | എ-2 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | എ-3 |
| 37 | ബാലൻസ് ഷീറ്റ് | എ-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 17/03/2015 തിയതിയിലെ 39/2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1270000 | 26276549 | 25006549 | |
| വരവ് | 104849104 | 34541482 | 70307622 | |
| ആകെ | 106119104 | 60818031 | 45301073 | |
| ചെലവ് | 104280000 | 41352593 | | 62927407 |
| നീക്കിയിരിപ്പ് | 1839104 | 19465438 | 17626334 | |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 21-06-2016 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് തരം നമ്പർ |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2015-16 | 22-11-2016 | വിശേഷണങ്ങളോട് കൂടിയത് |

2015 -16 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. മുൻ വർഷങ്ങളിൽ പിൻവലിച്ച് ചെലവായി രേഖപ്പെടുത്തിയതും തൻവർഷം തിരിച്ച ലഭിച്ചതുമായ വികസന ഫണ്ട് , മെയിൻറനൻസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുന്ന താഴെ പറയുന്ന തുകകൾ ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല

| വർഷം | തുക |
|---|---|
| 2015-16 | 64,632 |
| 2014-15 | 14,088 |

2. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ഗവ. ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

6 വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

7 സാമ്പത്തിക പത്രികകളിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

8 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങളിലെ 60-ാം ചട്ട പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രസിത് ആൻറ് പെയ്മെൻറ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി അംഗികരിക്കുകയും ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട് .

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 2,62,76,549 |
| വരവ് | 3,45,41,482 |
| ആകെ | 6,08,18,031 |
| ചെലവ് | 4,13,52,593 |
| നീക്കിയിരിപ്പ് | 1,94,65,438 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21,35,209 | 90,01,097 | 1,11,36,306 | 1,09,48,426 *1,87,880 | 0 | 98.3 |
| വികസനഫണ്ട് എസ്.സി.പി. | 78,288 | 4,07,000 | 4,58,288 | 2,14,684 *1,00,000 | 0 | 49.3 |
| വികസനഫണ്ട് ടി.എസ്.പി. | 12,76,466 | 27,88,000 | 40,64,466 | 19,86,350 | 20,78,116 | 48.9 |
| സംരക്ഷണഗ്രാന്റ് റോഡ് | 4,86,463 | 36,39,000 | 41,23,463 | 35,78,926 | 5,44,537 | 87 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 6,91,229 | 26,97,000 | 33,88,229 | 30,37,975 | 3,50,254 | 90 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16,69,291 | 36,82,639 | 53,50,553 | 47,95,599 | 5,54,954 | 89.6 |
| പെർഫോമൻസ് ഗ്രാന്റ് | 28,29,081 | ഇല്ല | 28,29,081 | 28,25,363 | 3,718 | 99 |
| എം.എൻ.ആർ.ഇ.ജി.എസ്. | ഇല്ല | 62,38,679 | 62,38,679 | 62,38,380 | 299 | 99 |

*ട്രാൻഫർ ക്രെഡിറ്റ് ചെയ്ത തുകകൾ

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 136 | 1,50,82,563 | 102 | 2,90,88,987 | 32 | 2 | 75 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 36,00,721 | 27,20,920 | -8,79,801 |
| നികുതിയേതര വരവുകൾ | 7,03,290 | 11,82,799 | +4,79,509 |
| മറ്റുവരവുകൾ | 60,85,522 | 64,41,673 | 3,56,151 |
| ആകെ | 1,03,89,533 | 1,03,45,392 | (-)44,141 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56,160 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 1,36,530 | 224 |
| വിധവാപെൻഷൻ | 4,26,160 | 532 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 6,37,020 | 952 |
| വികലാംഗപെൻഷൻ | 1,34,665 | 155 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,355 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/11/2016 | 8/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/08/2011 മുതൽ 30/09/2011 വരെ | 2008-09 മുതൽ 2010-11 വരെ | 09/12/2012 |

## 1-11 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖതയ്യാറാക്കൽ )ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനു ശേഷം 6 മാസത്തിനകം പൊതുജനങ്ങൾക്ക്നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ മുഴുവനായും വിനിയോഗിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2015-16 ബാലൻഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 2119072/- വിവിധോദ്ദേശ്യ ഗ്രാന്റായി ലഭിച്ച ഇനത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ട്. ഇവയുടെ വിനിയോഗം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതീയീടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ഓരോ അർദ്ധവർഷവും ടേണോവറിന്റെ

അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പേർ ചേർത്ത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വരുന്നതായിക്കാണുന്നില്ല. എന്നാൽ ഇതേ വിഭാഗത്തിൽപ്പെട്ട ഒരു ധനകാര്യസ്ഥാപന ഉടമമായ സീമ ടോമി (വിവ സെൻട്രോ, അന്നാ ഫിനാൻസിയേഴ്സ്, VIII/48, കാക്കയങ്ങാട്)യിൽ നിന്നും 1,250 രൂപാവീതം രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയൊടുക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഉടമയുടെ പേര് | വാർഡ്നം./ കെട്ടിട നം. |
|---|---|---|
| 1 | ശ്രീ.രാജീവൻ. എൻ., അഷ്ടമി ഫിനാൻസിയേഴ്സ് | കെട്ടിട നമ്പർ- MP IV/54D, |
| 2 | ശ്രീമതി.രാധ, ഗാലക്സി ഫൈനാൻസ്, കാക്കയങ്ങാട്. | VI/07 |
| 3 | ശ്രീമതി.ഷൈനി ബെന്നി,<br>നാഷണൽ ഫിനാൻസിയേഴ്സ്,<br>NP ബിൽഡിംഗ്,<br>കാക്കയങ്ങാട്. | M.P- IV 248 B, |
| 4 | രവീന്ദ്രൻ.കെ, സൗഭാഗ്യ ഫിനാൻസിയേഴ്സ്, ചോടോൻ ബിൽഡിംഗ് | 1/227 |
| 5 | ഫ്രാൻസിസ് തൈപ്പാടത്ത്, ഫിനാൻസിയേഴ്സ് വിവ സെൻട്രോ, മുഴക്കുന്ന് | VII-252G |

ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് സമയപരിധിക്കുള്ളിൽ അപേക്ഷകൾ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ലഭിച്ച ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിന് വേണ്ടിയുള്ള പകുതിയിലധികം അപേക്ഷകളും ഏപ്രിൽ മാസത്തിനു ശേഷമാണ് ലഭിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നം. | പേര് | അപേക്ഷ നൽകിയ തീയതി |
|---|---|---|---|
| 1 | 203 | ശ്രീ.വി.എം. സോമനാഥൻ, ടെക്സ്റ്റൈൽസ് | 30-03-2016 |
| 1 | 206 | ശ്രീ.ചന്ദ്രൻ ശേഖരൻ, അനാദി | 23-03-2016 |
| 1 | 142 ബി | ശ്രീ.വിജയൻ.കെ, ബേക്കറി | 23-03-2016 |
| 2 | 716 | ശ്രീ.ചെമ്പിലാലി ഖാലിദ്, അനാദി | 22-03-2016 |
| 2 | 196,197 | ശ്രീ.പാണമ്പ്രോൻ അലി, അനാദി | 23-03-2016 |
| 2 | 206 | ശ്രീ.ഒമ്പാൻ ഉമ്മൻകുട്ടി, മലഞ്ചരക്ക് | 22-03-2016 |
| 3 | 335 | ശ്രീ.എൻ.എൻ. മാധവൻ, അനാദി | 2-03-2016 |
| 4 | 443 | ശ്രീ.ഇ. പ്രമോദ്, കഞ്ഞി സ്റ്റാൾ | 30-03-2016 |

| | | | |
|---|---|---|---|
| 5 | 55 | ശ്രീ.കെ.ശശിധരൻ, ജ്വല്ലറി | 31-03-2016 |

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത്ദിവസത്തിനു മുൻപായും പുതുതായി തുറക്കേണ്ട സ്ഥാപനങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപായും സമർപ്പിക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25% അധികഫീസ് ചുമത്താവുന്നതാണ്.(പഞ്ചായത്ത് രാജ് ചട്ടം 1996, എസ്.ആർ.ഒ.76/96 ൽ ചട്ടം (10),(19)കാണുക.) ചട്ടലംഘനത്തിന് പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 255 പ്രകാരം ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്ന്കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അമ്പതുരൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്. ലൈസൻസ് കാലാവധിക്ക് മുൻപ് അപേക്ഷകൾ സ്വീകരിച്ച് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - രണ്ടാം അർദ്ധവർഷം ഡിമാന്റ് ചെയ്തില്ല

2015-16 വർഷം ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയൊടുക്കിയ ചുവടെക്കാണിച്ച സ്ഥാപനങ്ങൾ രണ്ടാം അർദ്ദ വർഷത്തെ തൊഴിൽ നികുതി 2016-17ൽ (24-10-2016) മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

1) കാക്കയങ്ങാട് കള്ളുഷോപ്പ്

2) വിളക്കോട് കള്ളുഷോപ്പ്

3) ഊവ്വപ്പള്ളി കള്ളുഷോപ്പ്

ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതിയൊടുക്കിയ സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷത്തെ തുകയൊടുക്കാതിരുന്നിട്ടും ടി തുക തൻവർഷ ഡിമാന്റിൽ കാണിച്ചിട്ടില്ല. പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതായിരുന്നു. തൊഴിൽ നികുതി വരവുതുകതന്നെ ഡിമാന്റാക്കിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 സേവനനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്കൊഴികെ സേവന ഉപനികുതി ചുമത്തി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി പഞ്ചായത്ത് ഭരണസമിതിയുമായി ആലോചിച്ച് നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലോക വികലാംഗ ദിനം – വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 2000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

വൌച്ചർ നം തീയ്യതി: 21500611//28-12-2015

ജി. ഒ(ആർ ടി) നം 3511/2015 എൽ എസ് ജി ഡി 26-11-2015 പ്രകാരം ലോക വികലാംഗ ദിനാചരണത്തിനായി കണ്ണൂർ ജില്ല സാമൂഹ്യ നീതി ഓഫീസർക്ക് തുക 2,000 നൽകിയിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് പ്രകാരം ജില്ല സാമൂഹ്യ നീതി ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ നം 10 ഓഡിറ്റ് എൻക്വയറിക്ക വിനിയോഗ സാക്ഷ്യപത്രം കണ്ണൂർ ജില്ല സാമൂഹ്യനീതി ഓഫീസറിൽ നിന്നും നിന്നും വാങ്ങി ലഭ്യമാക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട് .വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 2000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

### 3-2 യാത്ര ബത്ത അപാകതകൾ – ₹ 750 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു

വൗച്ചർ നം 21500076//11-05-2015 (₹ 4556)

മേൽ വൗച്ചർ പ്രകാരം ജീവനക്കാർക്ക് യാത്ര ബത്ത ഇനത്തിൽ ₹4,556 നൽകിയിട്ടുണ്ട് ഈ വൗച്ചറിന്റെ ശ്രീമതി മിനിഷ പി പി (Clerk) കൈപ്പറ്റിയ 1,050രൂപയും ഉൾപ്പെടുന്നു. ശ്രീമതി മിനിഷ പി പി വകുപ്പുതല പരീക്ഷ എഴുതാൻ തലശ്ശേരി ഗവ ഹൈസ്കൂൾ വരെ യാത്ര ചെയ്തതിനാലാണ് ₹1,050രൂപ കൈപ്പറ്റിയിട്ടുള്ളത്. KSR Part II Rule 77പ്രകാരം Obligatory Department Test (പ്രൊബേഷൻ പൂർത്തീകരണത്തിന് ആവശ്യമായവ മാത്രം) ന മാത്രമേ യാത്ര ബത്ത അനുവദനീയമായിട്ടുള്ളൂ. 1994ലെ കേരളം പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 9(2) പ്രകാരം പഞ്ചായത്തു ജീവനക്കാരെ സംബന്ധിച്ചടത്തോളം MOP മാത്രമാണ് പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ടെസ്റ്റ്. ഇക്കാരണത്താൽ അധികമായി നൽകിയ ₹ 750 ടിയാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ നം 11 ഓഡിറ്റ് എൻക്വയറിക്ക ടിയാരിയിൽ നിന്നും അധികം കൈപ്പറ്റിയ തുക 750 തിരികെ ഈടാക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

### 3-3 ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ₹4,32,500രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കുഴൽ കിണർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹ 4,32,500ഭൂജല വകുപ്പിന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക/മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/തീയ്യതി | വൗച്ചർ നമ്പർ/ ചെക്ക് നം | നിർവണ ഏജൻസി |
|---|---|---|---|---|
| 23/15-16 ചെമ്പ് കണ്ണിമല കുഴൽക്കിണർ നിർമ്മാണം | 85000 DF-G | 91/15-16 //16-12-15 | 21500652//05-01-2016 2993 | ഭൂജല വകുപ്പ് |

| | | | | |
|---|---|---|---|---|
| 100/15-16 ഓട്ടമരം കുഴൽ കിണർ | 74000<br>FC-G | 89/2015-16<br>//16-12-15 | 21500657//05-01-2016<br>2993 | ഭൂജല വകുപ്പ് |
| 57/15-16 അമ്പലമുക്ക് അംഗൻവാടി കുഴൽ കിണർ | 78000<br>MG-N/R | 103/2015-16<br>//11-03-16 | 21500848//15-03-2016<br>2996 | ഭൂജല വകുപ്പ് |
| 65/15-16 അംഗൻവാടി കുഴൽ കിണർ | 195500<br>MG-N/R | 92/15-16<br>//16-12-15 | 21500658//05-01-2016<br>2993 | ഭൂജല വകുപ്പ് |

എന്നാൽ പ്രോജക്ട് പൂർത്തിയാക്കിയതിന്റെ വിശദവിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ നം 13 ഓഡിറ്റ് എൻക്വയറിക്ക വിനിയോഗ സാക്ഷ്യപത്രം ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസറിൽ നിന്നും നിന്നും വാങ്ങി ലഭ്യമാക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട് .വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 4,32,500രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കേരള പൊതു മരാമത്ത് മാന്വൽ 2012(ജി ഓ (പി) 13/2012/പി ഡബ്ല്യൂ ഡി1-2-2012) പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ് എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായൊ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിച്ചുകൊടുക്കുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം ഇതിനു എ ഇ മുഖേന കാലാവധി തീരുന്നതിനു മുൻപായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള കാലാവധി നീട്ടൽ ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാത്തവ അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) പരമാവധി ദീർഘിപ്പിക്കൽ ഒറിജിനൽ സമയത്തിന്റെ 50% അധികരിക്കാൻ പാടില്ല. ആദ്യ തവണ പി എ സി യുടെ 1% (മിനിമം 1,000 മാക്സിമം 50,000 രൂപ) ആദ്യ തവണക്ക് ശേഷം പി എ സി യുടെ 2% (മിനിമം 2,000 മാക്സിമം 1 ലക്ഷം രൂപ) പിഴയോടും കൂടി പ്രവൃത്തി പൂർത്തീകരിക്കാം. മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളിൽ ഈടാക്കേണ്ട പിഴയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു കൂടാതെ ചില പ്രവൃത്തികളിൽ പരമാവധി ദീർഘിപ്പിക്കൽ 50% അധികരിച്ചതായി കാണുന്നു ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നം പേര്/കരാറു കാരന്റെ/ ഏജൻസിയുടെ പേര് | എം ബുക്ക് നം/പി എ സി | കരാർ ഉടമ്പടി നം | സൈറ്റ് ഹാർഡ് ഓവർ ചെയ്ത തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ് വന്ന തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 68/15മുഴക്കുന്ന് ബസാർ കിഴക്കേ | 56/14-15 | 13/14-15/എ ഇ/ എൽ | 1-12-14 | 15-3-15 | 29-4-15 | 5998 | - | 5998 | 9/15-16 //18-8-16 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | വയൽ റോഡ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ ജിജേഷ്.വി | 199924 | എസ് ജി / എം സെഡ് കെ/തീ 01-12-14 | | | | | | | |
| 2 | 82/15 കരളം ജലസേചനം നെറ്റ് കോവണി<br>കെ രാമചന്ദ്രൻ | 65/14-15<br>49422 | 23-14-15/എ ഇ/ എൽ എസ് ജി / എം സെഡ് കെ/തീ 01-12-14 | 1-12-14 | 15-3-15 | 11-5-15 | 3000 | - | 3000 | 6/15-16 //30-6-15 |
| 3 | 75/15 പുഴക്കര അങ്കണവാടി റിപ്പയർ<br>കെ രാമചന്ദ്രൻ | 63/14-15<br>74497 | 20/14-15/എ ഇ/ എൽ എസ് ജി / എം സെഡ് കെ/തീ 06-01-15 | 6-1-15 | 15-3-15 | 16-6-15 | 3000 | - | 3000 | 3/15-16 //306-15 |
| 4 | 77/15 പുഴക്കര സാംസ്കാരിക നിലയം മെച്ചപ്പെടുത്തൽ<br>ജിജേഷ്.വി | 143/14-15<br>199479 | 24/14-15/എ ഇ/ എൽ എസ് ജി / എം സെഡ് കെ/തീ 06-01-15 | 6-1-15 | 15-3-15 | 30-12-15 | 5984 | - | 5984 | 12/15-16 //20-01-16 |

ഈടാക്കേണ്ട പിഴ 17,982 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 3-5 കാലിത്തൊഴുത്ത് നിർമ്മാണം – മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

S0039/16 കാലിത്തൊഴുത്ത് നിർമ്മാണം

അടങ്കൽ - 9,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

ചെലവ് -30,00,000 വി.ഫ

മേൽ പ്രൊജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജി. ഒ (എം എസ്) നം 362/13 തസ്വഭവ തീയ്യതി 16/11/2013 പ്രകാരം പുറത്തിറക്കിയ പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ : 3-2-7 പ്രകാരം തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകുമ്പോൾ തൊഴുത്തിന്റെ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണമെന്നും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേനമ്പറിൽ ഇതേപുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ നിഷ്കർഷ പാലിച്ചതായി കാണുന്നില്ല. ഇത സംബന്ധിച്ച് നൽകിയ നം 06 ഓഡിറ്റ് എൻക്വയറിക്കു ഗുണഭോക്താക്കൾ ആരും തന്നെ കഴിഞ്ഞ വർഷത്തിനുള്ളിൽ തൊഴുത്ത് നിർമ്മാണത്തിന്

ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് ഗുണഭോക്തൃ ലിസ്റ്റിൽ എഴുതിയിട്ടുണ്ടെന്നു മറുപടി നൽകിയിട്ടുണ്ട് ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്

## 3-6 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നം & പേര് – S0041/16 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ

അടങ്കൽ - 40,000 (സംരക്ഷണ ഗ്രാൻറ് റോഡിതരം)

ചെലവ് - 40,000 (ബിൽ നം 1/15-16 തീയ്യതി 17/02/2016)

മേൽ പ്രൊജക്ടിൻറെ ഭാഗമായി ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് 40,000 രൂപ ഹോമ്കോ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(ഡി ഡി നം 178897 തീയ്യതി 18/02/2016) എന്നാൽ ഓഡിറ്റ് തീയ്യതി വരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് 04/11/2016 ന് മെഡിക്കൽ ഓഫീസർ ഹോമ്കോ മാനേജിങ്ങ് ഡയറക്ടർക്ക് ഈ മെയിൽ മുഖാന്തിരം ഓർമ്മകുറിപ്പ് അയച്ചിട്ടുണ്ട്. ഈ വഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 മൃഗാശുപത്രി അറ്റകുറ്റപ്പണി – കരാറുകാരന് അധികം തുക നൽകി -1,990രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം & പേര് – S0054/16 മൃഗാശുപത്രി അറ്റകുറ്റപ്പണി

അടങ്കൽ - 3,00,000 (സംരക്ഷണ ഗ്രാൻറ് റോഡിതരം)

കോൺട്രാക്ടർ – ശ്രീ. കെ ജെ സുരേഷ്ബാബു

എം ബുക്ക് നമ്പർ - 170/15-16

കരാറുടമ്പടി - എ ഇ/ എൽ എസ് ജി ഡി/ എം സെഡ് കെ/31/15-16

തീയ്യതി 03/10/2016

ആകെ പ്രവൃത്തി മൂല്യം - 2,98,086

റിക്കവറികൾ

വാറ്റ് @ 4% - 11,923

ആദായനികുതി @ 1% - 2,981

നിർമ്മാണതൊഴിലാളി ക്ഷേമനിധി @ 1% - 2,981

17,885

റിക്കവറി കഴിച്ച് കരാറുകാരന് നൽകേണ്ട തുക 2,98,096 – 17,885 = 2,80,211

നൽകിയ തുക – 2,82,201 (ചെക്ക് നം 821226 തീയ്യതി 02/04/2016)

ബില് നം 46/16-16 തീയ്യതി 30/03/2016

അധികം നൽകിയത് – 2,82,201 – 2,80,211 = 1,990/-

ബിൽ പ്രകാരം പ്രവൃത്തിക്ക് ആവശ്യമായ തുക മാത്രമേ പിൻവലിച്ചിട്ടുള്ളൂവെങ്കിലും അസിസ്റ്റന്റ്

എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്ന് കരാറുകാരന് അധികം നൽകിയ 1,990 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

## 3-8 ഇ ടെണ്ടർ ടെണ്ടർ ഫോറം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ 6 മരാമത്ത് പ്രവർത്തികൾ ഇ ടെണ്ടർ മുഖേനയാണ് നടത്തിയിട്ടുള്ളത് ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ് ഒടുക്കിയിട്ടുള്ളത് മേൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് പ്രവർത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പ്രോജക്ട് നം പേര് | അടങ്കൽ |
|---|---|---|
| 1 | 21/16കൊട്ടയാട് പാലാ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 6,20,000 |
| 2 | 19/16വിളക്കോട് ചാക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 8,40,000 |
| 3 | 96/16പുണിയാനം നെയ്യളം റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 12,00,000 |
| 4 | 154/15മുഴക്കുന്നു ചെറുമുക്ക് റോഡ്അഭിവൃദ്ധിപ്പെടുത്തൽ | 10,00,000 |
| 5 | 151/15എടത്തൊട്ടി കുരാറ്റിൽ മാപ്പുര റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 6,02,706 |
| 6 | 153/15എടത്തൊട്ടി കുരാറ്റിൽ മാപ്പുര റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 5,77,000 |

## 3-9 ഭവന നിർമ്മാണം - ദീർഘകാലമായിട്ടും പൂർത്തീകരിച്ചിട്ടില്ല

ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഭവന നിർമ്മാണം (2007-08)

| ക്രമനം | പേര് | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/ ഡി ഡി നമ്പർ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | കുറുങ്ങോടൻ ജാനകി അമ്മ, കുറുങ്ങോടൻ വീട്, കാക്കയങ്ങാട് | 25000 | 612694/ 09/04/2008 | അടിത്തറ |
| 2 | ലക്ഷ്മി എം കെ, കപ്പാടക്കുന്നുമ്മൽ, തളിപ്പൊയിൽ | 25000 | 612704/ 09/04/2008 | അടിത്തറ |

ഭവന നിർമ്മാണം (വികലാംഗർ) 2011-12

| ക്രമനം | പേര് | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/ ഡി ഡി നമ്പർ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | സനോജ് എം മണിയോത്ത്, മുടക്കോഴി | 30,000<br>40,000<br>20,000 | 152616/ 03/01/2012<br>152637/ 08/02/2012<br>166307/ 04/04/2012 | മേൽക്കൂര |
| | ആകെ | 90,000 | | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 1,00,000 | സ്വാന്തന പരിചരണം | 1,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 1,18,750 | | 11,8750 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽ കിണർ | | 85,000 | 85,000 | 0 |
| ഭൂജല വകുപ്പ് | ഓട്ടുമരം കുഴൽ കിണർ | | 74,000 | 74,000 | 0 |
| ഭൂജല | അമ്പലമുക്ക് | | 78,000 | 78,000 | 0 |

| | | | | | |
|---|---|---|---|---|---|
| വകുപ്പ് | അംഗൻവാടി കുഴൽ കിണർ | | | | |
| ഭൂജല വകുപ്പ് | അംഗൻവാടി കുഴൽ കിണർ | | 1,95,500 | 1,95,500 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2015-16 | EMS ഭവന പദ്ധതി | സ഻ഉ (സാ) നം 317/2010 /തസ്വഭവ തിരുവനന്തപുരം തീയ്യതി 28/01/2010 | 23,25,000 | 23,25,000 | 23,25,000 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 10,000.00 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| MTCS SHARE (B CLASS) മലബാർ ടൂറിസം കോ-ഓപ്പ് സൊസൈറ്റി (ബി ക്ളാസ്) | 10,000.00 |
| ആകെ | 10,000.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1)2010-11 & 2011-12 | 3(2) | 10,485 | ശ്രീജയൻ പി ഇ | 11502100548 Dt 12/05/2015 |
| 2)2010-11 & 2011-12 | 3(2) | 1,696 | സി നാണു | 11502100658 Dt 21/08/2015 |
| 3) 2010-11 &2011-12 | 3(2) | 7,881 | എം ബിജു | 11502101141 Dt 03/07/2015 |
| 4) 2012-13 | 3(2) | 927 | കെ രാജേന്ദ്രൻ സെക്രട്ടറി | 11502102270 Dt 04/11/2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 6,08,18,031 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | 4,13,52,593 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,740 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,34,500 |

*Receipt and Payment പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 750 | കെ രാജേന്ദ്രൻ,സെക്രട്ടറി |
| 3-7 | | 1,990 | പ്രകാശ് ബാബു.എം , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 2,740 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,000 | കെ രാജേന്ദ്രൻ, സെക്രട്ടറി |
| 3-3 | 4,32,500 | കെ രാജേന്ദ്രൻ, സെക്രട്ടറി |
| ആകെ | 4,34,500 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
-ഇല്ല-

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രകാശ് ബാബു.എം , അസിസ്ററന്റ് | പ്രകാശ് ബാബു.എം , അസിസ്ററന്റ് എഞ്ചിനീയർ,മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | പ്രകാശ് ബാബു.എം കൃഷ്ണാഞ്ജലി, |

| | | |
|---|---|---|
| എഞ്ചിനീയർ, | | എടക്കാട്(പി.ഒ)<br>670663,കണ്ണൂർ |
| കെ രാജേന്ദ്രൻ, സെക്രട്ടറി | കെ രാജേന്ദ്രൻ, സെക്രട്ടറി, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | എൽ എഫ് കെ എൻ ആർ/സി5/297/2013(1) 14/06/2013 | 3 | |
| 2004-05 | എൽ എഫ് കെ എൻ ആർ/സി5 /297/2013(2) 14/06/2013 | 11 | |
| 2005-06 | എൽ എഫ് കെ എൻ ആർ/സി5/297/2013(3 )14/06/2013 | 4 | |
| 2006-07 | എൽ എഫ് കെ എൻ ആർ/സി5/297/2013(4 )14/06/2013 | 5 | |
| 2007-08 | എൽ എഫ് കെ എൻ ആർ/സി5 /297/2013(5) 14/06/2013 | 4 | |
| 2008-09 | എൽ എഫ് കെ എൻ ആർ/സി5/216/2013 23/03/2013 | 17 | |
| 2009-10<br>2010-11<br>2011-12 | എൽ എഫ് കെ എൻ ആർ/സി5 /25/2013(5)14/06/2013 | 16 | |
| 2012-13 | എൽ എഫ് കെ എൻ ആർ/സി5/882/2015 05/08/2015 | 13 | |
| 2013-14 &2014-15 | എൽ എഫ് കെ എൻ ആർ/സി5/1336/16 // 2-08-16 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.എൻ.ആർ/സി.11/2148/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001

ഇ-മെയിൽ:doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയ്യതി.20.12.2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഴക്കുന്ന്

ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

# AUDIT CERTIFICATE

K.S.R/K.N.R/C11.2148/2016

Kerala State Audit Department,
District Audit Office, Kannur-670 001
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
Date:20.12.2016

Certified that I have audited the annual Financial Statement of Muzhakkunnu Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Muzhakkunnu Grama Panchayat for the year 2015-16 except

the observation in my audit report properly presents the picture of income and expenditure.

Deputy Director.

# Annexure - 2

# Muzhakkunnu Grama Panchayat Receipt And Payment Statement For the period from 01-April-2015 To 31-March-2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 26,034,281.00 |
| | Cash | RP-40(a) | 242,268.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 662,840.00 |
| 140000000 | Fees & User Charges | RP-4 | 578,186.00 |
| 150000000 | Sale & Hire Charges | RP-5 | 214,861.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6,907,008.00 |
| 171000000 | Interest Earned | RP-9 | 389,752.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19,553,457.00 |
| 350000000 | Other Liabilities | RP-36 | 3,323,371.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 1,654.00 |
| 311000000 | Earmarked Funds | RP-29 | 411 |
| 340000000 | Deposits Received | RP-34 | 98,570.00 |
| 341000000 | Deposit Works | RP-35 | 3,705.00 |
| 350000000 | Other Liabilities | RP-36 | 115,740.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,656,927.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 35,000.00 |
| Grand Total | | | 60,818,031.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1,092,710.00 |
| 220000000 | Administrative Expenses | RP-12 | 646,930.00 |
| 230000000 | Operations & Maintenance | RP-13 | 339,322.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,675,331.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 6,399,542.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,496,497.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 447,999.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 407,349.00 |
| 255000000 | Maintenance Projects | RP-20 | 4,242,372.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 47,400.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2,000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -66,501.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 156,587.00 |
| 350000000 | Other Liabilities | RP-36 | 7,445,886.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 5,218.00 |
| 330000000 | Secured Loans | RP-32 | 2,325,000.00 |
| 340000000 | Deposits Received | RP-34 | 107,200.00 |
| 350000000 | Other Liabilities | RP-36 | 1,417,543.00 |
| 410000000 | Fixed Assets | RP-38 | 5,379,376.00 |
| 412000000 | Capital Work In Progress | RP-40 | 5,647,776.00 |
| 420000000 | Investments | RP-41 | 15,010.00 |
| 460000000 | Loans, Advances and Deposits | RP-47 | 122,046.00 |
| | Closing Balance | | |
| | Bank | RP-40(b) | 19,237,352.00 |
| | Cash | RP-40(b) | 228,086.00 |
| Grand Total | | | 60,818,031.00 |

# Annexure - 3

## Muzhakkunnu Grama Panchayat Income & Expenditure Statement For the period from 01-April-2015 to 31-March-2016

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 2,720,920.00 |
| 130000000 | Rental Income from Panchayat Properties | I-3 | 93,600.00 |
| 140000000 | Fees & User Charges | I-4(b) | 1,577,776.00 |
| 150000000 | Sale & Hire Charges | I-5(b) | 338,296.00 |
| 151000000 | Receipts from Transferred Institutions | I-5(a) | |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 55,936,724.00 |
| 171000000 | Interest Earned | I-8 | 389,752.00 |
| 180000000 | Other Income | I-9 | |
| A | Total-Income | | 61,057,068.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 6,138,475.00 |
| 220000000 | Administrative Expenses | I-11(b) | 648,085.00 |
| 230000000 | Operations & Maintenance | I-12(b) | 339,322.00 |
| 240000000 | Interest & Finance Charges | I-13 | 5,218.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 5,737,261.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 12,687,087.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,496,497.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 447,999.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 23,950,784.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4,242,372.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 55,416.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 2,000.00 |
| 270000000 | Provisions and Write off | I-16 | 2,813.00 |
| 272000000 | Depreciation | I-17(a) | 3,854,247.00 |
| B | Total-Expenditure | | 59,607,576.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 1,449,492.00 |
| D= 280000000 | Prior Period Item | I-18 | 2,266,998.00 |
| E = C-D | Gross Surplus/Deficit of Income over Expenditure after prior | | (817,506.00) |
| | period items | | |
| 290000000 | Transfer to Reserve Funds | | |

| | | | |
|---|---|---|---|
| | Net Balance being surplus/deficit carried over to Balance sheet | | |
| | (Panchayat Fund) | | |

# Annexure - 4

# Muzhakkunnu Grama Panchayat BALANCE SHEET as on 31.March 2016

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Panchayat Fund | B-1 | 11388715.25 |
| 311000000 | Earmarked Funds | B-2 | 63,181 |
| 312000000 | Reserves | B-3 | 4,19,26,018 |
| | Total Reserve& Surplus | | 5,33,77,914.25 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 21,19,072 |
| | Total Grants,Contributions for specific purposes | | 21,19,072 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 3,39,028 |
| 341000000 | Deposit Works | B-8 | 3,705 |
| 350000000 | Other Liabilities | B-9 | 11,26,472.75 |
| | Total Current Liabilities and Provisions | | 14,69,205.75 |
| | TOTAL LIABILITIES | | 5,69,66,192 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4,35,88,479 |
| 411000000 | Accumulated Depreciation | B-11 | 74,49,982.00 |
| 412000000 | Capital Work In Progress | B-11(a) | 3,65,922 |
| | Total Fixed Assets | | 3,65,04,419 |
| | Investments | | |
| 420000000 | Investments | B-12 | 15,010 |

| | | | |
|---|---|---|---|
| | Total Investments | | 15,010 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 8,08,656 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 1,94,65,438 |
| 460000000 | Loans, Advances and Deposits | B-18 | 1,72,669 |
| | Total Current Assets,Loans and Advances | | 2,04,46,763 |
| | TOTAL ASSETS | | 5,69,66,192 |